**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാചോദ്യം നം.3577**

**15/03/2018 ൽ**
**മറുപടിക്ക്**

## ഖാദി ഗ്രാമങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതി

**ചോദ്യം**
**ശ്രീ.കെ.സി.ജോസഫ്.**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ ഖാദി ഗ്രാമങ്ങൾ സൃഷ്ടിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവഴിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഖാദി ഗ്രാമം പദ്ധതിക്കായി 2017-18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 4.52 കോടി രൂപയിൽ ഒരു കോടി രൂപ 10/8/2017 ലെ സ.ഉ(സാധാ) 1164/2017/വ്യവ നമ്പർ ഉത്തരവ് പ്രകാരം ഖാദി ബോർഡിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ഖാദി ഗ്രാമങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | അനുവദിച്ച തുക വിനിയോഗിച്ച് 10 ഖാദി ഗ്രാമം (ചർക്ക) 5 ഖാദി ഗ്രാമം (തറി), എന്നിവ സൃഷ്ടിക്കുന്നതിലേക്കായി 250 ചർക്കകളും 50 തറികളും വാങ്ങി അതിനായുള്ള നെയ്ത്തു പരിശീലനം നടന്നു വരികയാണ്. പരിശീലനം പൂർത്തിയാവുന്ന മുറയ്ക്ക് പ്രസ്തുത യൂണിറ്റുകൾ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**